# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂലൈ 19 വെള്ളി**

## പ്രളയത്തിൽ കൈത്താങ്ങായി മൃഗസംരക്ഷണ വകുപ്പ്; 18794 കർഷർക്ക് 6 കോടി ധനസഹായം

ആലപ്പുഴ: പ്രളയത്തിൽ സർവതും നഷ്ടപ്പെട്ട കർഷകർക്ക് മൃഗ സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആശ്വാസമായി. വിവിധ പ്രവർത്തനങ്ങളിലൂടെ 18794 കർഷകർക്ക് 60089330 രൂപയുടെ ധനസഹായം നൽകി. പ്രളയത്തിൽ ഒഴുകിപ്പോയതും ജീവനാശം വന്നതുമായ 559 പശുക്കൾ 1005 കിടാക്കൾ 4481 ആടുകൾ 210880 കോഴികൾ152242 താറാവുകൾ 955 തൊഴുത്തുകൾ എന്നിവക്ക് നഷ്ടപരിഹാരം നൽകി. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച കുട്ടനാട് മണ്ഡലത്തിൽ 2.35 കോടി രൂപയും ചെങ്ങന്നൂർ മണ്ഡലത്തിൽ1 .74 കോടി രൂപയും ധനസഹായമായി നൽകിയത് വഴി കർഷകരെ ഈ മേഖലയിലേക്ക് വീ ും തിരിച്ചു കൊ ുവരുന്നതിന് വഴിയൊരുക്കി.

മൃഗങ്ങളുടെ ജീവൻ രക്ഷാപ്രവർതനങ്ങൾക്കാണ് വകുപ്പ് മുൻതൂക്കം നൽകിയത്.ജങ്കാർ വള്ളങ്ങൾ എന്നിവ ഉപയോഗിച്ച് ദുരിതബാധിത പ്രദേശങ്ങളിലെ ഉരുക്കളെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുകയും അവയ്ക്ക് വേ തീറ്റ വൈക്കോൽ എന്നിവ ലഭ്യമാക്കുകയും ചെയ്തു.27 ലക്ഷം രൂപ മുടക്കി 124400 കിലോഗ്രാം കാലിത്തീറ്റ സൗജന്യമായി വിതരണം ചെയ്തു. സൗജന്യ മൃഗാരോഗ്യക്യാമ്പുകളിലൂടെ 51 പഞ്ചായത്തുകളിലായി 1120 ലക്ഷം രൂപ ചിലവഴിച്ചു കന്നുകാലികളുടെ പാലുത്പാദന ക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ മരുന്നുകളും ധാതുലവണ മിശ്രിതവും നൽകി. സർക്കാർ പലിശ തിരിച്ചടവിന് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചതിന് പുറമെ പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് മുൻഗണന നൽകി മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് അവർ എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവ് തുകയിൽ നിന്നും 5000രൂപ വരെ ഇളവ് ലഭിക്കുന്ന വിധത്തിൽ ധന സഹായം നൽകി. ഇതിനായി 36 പഞ്ചായത്തുകളിലായി 1250000രൂപ വിതരണം ചെയ്തു. ഗ്രാമീണമേഖലയിലെ ആടുവളർത്തൽ പദ്ധതി പ്രകാരം ജില്ലയിലെ120 കർഷകർക്ക് ആടിനെ വാങ്ങി വള ർത്തുന്നതിലേക്കായി 6712200രൂപ ചെലവഴിച്ചു.ഉജ്ജീവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ രേഖകളും സർട്ടിഫിക്കറ്റുകളും വകുപ്പ് വഴി വിതരണം ചെയ്തു.

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്രീയ അവബോധം നൽകുന്നതിന് പരിശീലനം നൽകുന്നു.മാവേലിക്കര ചേർത്തല എന്നീ മേഖല കേന്ദ്രങ്ങളിൽ സംരംഭകത്വ വികസന സെമിനാറുകൾ, ബ്ലോക്ക് താലൂക്ക് തല സെമിനാറുകൾ ജില്ലാ വെറ്ററിനറി കേന്ദ്രം മുഖേന വ്യാവസായിക ആടുവളർത്തൽ എന്നി വിഷയത്തിൽ പരിശീലനം നൽകുന്നു.കൂടുതൽ വിവരങ്ങൾക്ക് കർഷകർ മൃഗാശുപത്രിയുമായി ബന്ധപ്പെടേ താണെന്ന് ജില്ലാ മൃഗസംരക്ഷണ വകുപ്പ് പി ആർ ഒ ഡോ.ബീന ഡി അറിയിച്ചു.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്: അപേക്ഷിക്കാം

ആലപ്പുഴ: കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 2019-20 അധ്യയന വർഷം പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ബിരുദാനന്തര ബിരുദം വരെയുള്ള ഏതെങ്കിലും കോഴ്സുകളിൽ ചേർന്ന പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷാഫോറം ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ലഭിക്കും. അപേക്ഷാഫോറവും വിശദവിവരവും peedika.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. രേഖകൾ സഹിതം ജില്ലാ ഓഫീസിൽ സെപ്റ്റംബർ 30നകം അപേക്ഷ ലഭിക്കണം. ഫോൺ: 0477 2230244.

## മേട്രൺ കം റസിഡന്റ് ട്യൂട്ടർ: അപേക്ഷിക്കാം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെ (പെൺകുട്ടികൾ) പഠന മേൽനോട്ട ചുമതലകൾക്കായി മേട്രൺ കം റസിഡന്റ് ട്യൂട്ടർ തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ താൽകാലികമായി നിയമിക്കുന്നു. വൈകിട്ട് നാലു മുതൽ രാവിലെ എട്ടു വരെയാണ് ജോലി സമയം. മാസം 12,000 രൂപ ഹോണറേറിയം ലഭിക്കും. ബിരുദവും ബി.എഡുമാണ് യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് അപേക്ഷിക്കാം. ജാതി/യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജില്ല പട്ടികജാതി വികസന ഓഫീസിൽ ജൂലൈ 25ന് രാവിലെ 11ന് നടക്കുന്ന വാക്ക്-ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ: 0477 2252548.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: സിവിൽസ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ക്യാന്റീൻ 2019-20 (ഓഗസ്റ്റ് ഒന്നു മുതൽ 2020 ജൂലൈ 31 വരെ) വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നടത്താൻ തയ്യാറുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ജൂലൈ 26ന് ഉച്ചകഴിഞ്ഞ് ര ുവരെ ക്വട്ടേഷൻ സ്വീകരിക്കും. ക്വട്ടേഷൻ മാതൃകാഫോറം കളക്ടറേറ്റിലുള്ള ജില്ലാ സപ്ലൈ ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കും.

## എൻട്രൻസ് പരിശീലനത്തിന് അപേക്ഷിക്കാം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പ് ലക്ഷ്യ എന്ന സ്ഥാപനം മുഖേന നടപ്പാക്കുന്ന ഒരു വർഷത്തെ മെഡിക്കൽ എൻജിനീയറിങ് പ്രവേശന പരിശീലനത്തിന് പ്ലസ് ടൂ പഠനം പൂർത്തീകരിച്ചതും സയൻസ്, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ എ ഗ്രേഡിൽ കുറയാത്ത മാർക്ക്വാങ്ങി ജയിച്ചതും വരുമാന പരിധി 6,00,000 രൂപയിൽ കുറവുള്ളതുമായ പട്ടികജാതി വിഭാഗ വിദ്യാർഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.പൂരിപ്പിച്ച അപേക്ഷകൾ ജാതി, രക്ഷിതാവിന്റെ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, പ്ലസ് ടു മാർക്ക്ലിസ്റ്റ് എന്നിവ സഹിതം ജില്ല പട്ടികജാതി വികസന ഓഫീസിൽ ജൂലൈ 23നകം ലഭിക്കണം. ഫോൺ: 0477-2252548.

## സിവിൽ സർവീസ് ബോട്ട് ക്ലബ്ബ് സെലക്ഷൻ ട്രയൽ 24ന്

ആലപ്പുഴ: സിവിൽ സർവീസ് ജീവനക്കാർക്കുള്ള സിവിൽ സർവ്വീസ് ക്ലബിനുവേ ി ഈ വർഷത്തെ നെഹ്റുട്രോഫി വള്ളംകളിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള ജീവനക്കാരെ ക ത്തുന്നതിനായി ജൂലൈ 24,25 തീയതികളിൽ പുന്നമടക്കായലിൽ സെലക്ഷൻ ട്രയൽ നടത്തും. താൽപര്യമുള്ള ജീവനക്കാർ 24ന് രാവിലെ 9.30ന് പുന്നമടയിലുള്ള ഡി.റ്റി.പി.സി ടെർമിനലിൽ എത്തണം. ഫോൺ: 9961988099,9495440631.

## ജില്ല വികസന സമതിയോഗം 27ന്

ആലപ്പുഴ: ജൂലൈ മാസത്തെ ജില്ല വികസന സമതിയോഗം ജൂലൈ 27 ശനിയാഴ്ച രാവിലെ 11ന് ജില്ല കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അന്നേ ദിവസം രാവിലെ 10.30ന് മുന്നൊരുക്ക യോഗം ജില്ല കളക്ടറുടെ ചേമ്പറിൽ ചേരും. വിവിധ വകുപ്പുകൾ നടപ്പാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ജൂൺ 30 വരെയുള്ള പുരോഗതി പ്ലാൻസ്പേസിൽ സമർപ്പിക്കണമെന്ന് ജില്ല പ്ലാനിങ് ഓഫീസർ അറിയിച്ചു.